# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4346 25.06.2019 ൽ മറുപടിക്ക്

### പെരിയയിൽ റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ പെരിയ വില്ലേജിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിൽ എത്ര ഏക്കർ സ്ഥലമാണുള്ളത്; വിശദാംശം നൽകുമോ; | (എ) | കാസർഗോഡ് ജില്ലയിൽ പെരിയ വില്ലേജിൽ സർവെ നമ്പർ 202/2B യിൽ 1.08 ഏക്കർ സ്ഥലവും 202/2A യിൽ 57 സെന്റ് സ്ഥലവും ഉൾപ്പെടെ ഒരു ഏക്കർ 65 സെന്റ് സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ലഭ്യമാണ്. പ്രസ്തുത സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് തരുവാനും സ്ഥലത്തിന്റെ റവന്യൂ സ്കെച്ച് തയ്യാറാക്കി നൽകുവാനുമുള്ള അപേക്ഷ റവന്യൂ അധികാരികൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ റവന്യൂ സ്കെച്ച് ഇതുവരെയായി ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തി അവിടെ ഒരു റസ്റ്റ് ഹൗസ് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | പരിഗണനയിലുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതിയ്ക്കായുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ